ആരോഗ്യവകുപ്പ് ഡയറക്ടറുടെ
നടപടിക്രമം

വിഷയം:- ആവഡ-ആരോഗ്യവകുപ്പ്- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം **2025**- ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ കരട് പട്ടിക ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**സ.ഉ (പി) നം. **03/ 2017/** ഉ. ഭ .പ .വ തീയതി **25.02.2017.**

2.സ.ഉ (സാധാ) നം. **729/2025/H&FWD** തീയതി **11.03.2025.**

3.സർക്കുലർ നം. ഇ.എച്ച് **1- 28887/2024/**ആ.വ.ഡ തീയതി **14.03.2025.**

4.ജീവനക്കാർ **SPARK** മുഖേന സമർപ്പിച്ച അപേക്ഷകൾ.

5.ആരോഗ്യവകുപ്പ് ഡയറക്ടറുടെ **28/4/2025** ലെ **DHS/9456/2025-EB3** നമ്പർ ഉത്തരവ്.

6) ജീവനക്കാർ മേലധികാരി മുഖേന സമർപ്പിച്ച ഹർജികൾ

ഉത്തരവ് നം: DHS/9456/2025-EB3 തീയതി: 26-05-2025

പരാമർശം **(1)** പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരുടെ **2025**ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച കരട് പട്ടിക പരാമർശം **(5)** പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കരട് പട്ടികയിൽമേൽ എന്തെങ്കിലും അക്ഷേപം/പരാതി ഉണ്ടെങ്കിൽ ഹർജി തയ്യാറാക്കി

സമർപ്പിക്കുവാൻ സമയവും അനുവദിച്ചിരുന്നു. അപ്രകാരം ലഭ്യമായ ഹർജികൾ **16/05/2025**ൽ കൂടിയ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. അടൂർ ജനറൽ ആശുപത്രിയിലെ ഡോ.സിന്ധി എസ് **31/05/2026** ൽ വിരമിക്കുന്നതിനാൽ ടിയാളുടെ ഹർജി പരീഗണിച്ച് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നിയമിക്കാനും ടി ആശുപത്രിയിൽ **3** വർഷം പൂർത്തിയായ ഡോ ഷീജ ആർനെ സ്ഥലം മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അടൂർ ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റായ ഡോ. സിന്ധിയെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലേക്കും നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റായ ഡോ. ഷീജ.ആർ- നെ അടൂർ ജനറൽ ആശുപത്രിയിലേക്കും സ്ഥലം മാറ്റി പരാമർശം **5** പ്രകാരമുള്ള കരട് പട്ടിക ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം **(5)** പ്രകാരമുള്ള **2025**-ലെ ആരോഗ്യ വകുപ്പിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റുമാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച കരട് പട്ടിക മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഈ ഭേദഗതി ഉത്തരവിൻമേൽ ആക്ഷേപം ഉണ്ടങ്കിൽ ഉത്തരവ് തിയതി മുതൽ **3** ദിവസത്തിനുള്ളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **dhsebesction@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. നിർദിഷ്ട തിയതിക്കു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

Signed by
Reena K J
Date: 26-05-2025 08:40:41
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

1.ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ.

പകർപ്പ്:-

1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.

3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

4.ഫയൽ/ കരുതൽ ഫയൽ.